**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2260** **06-07-2022 - ൽ മറുപടിയ്ക്ക്**

**പി.എം.എ.വൈ - അമൃതകുടീരം ഭവനപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ അമൃതകുടീരം കോളനി നിവാസികൾക്കായി പി.എം.എ.വൈ (അർബൻ) സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന 117 വീടുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | വടവുകോട് പുത്തൻ കുരിശ് പഞ്ചായത്തിലെ അമൃതകുടീരം കോളനിയിലെ 117 ഗുണഭോക്താക്കളെ പിഎംഎവൈ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തി 07.08.2020 തീയതിയിൽ കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും, പ്ലോട്ട് ഡവലപ്മെന്റ് 40% പൂർത്തിയാക്കുകയും ചെയ്തു. 40 വീടുകളുടെ നിർമ്മാണം ആരംഭിച്ചു. അതിൽ 2 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ പൊതുമരാമത്ത് റോഡിനോട് അഭിമുഖമായി വരുന്ന 21 വീടുകളുടെ നിർമ്മാണത്തിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കണമെന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | നിവേദനത്തിന്മേൽ സ്ഥലപരിശോധനയും, വികസന സാധ്യതയുള്ള പ്രദേശത്ത് ഭൂമിയുടെ ദൗർലഭ്യവും കണക്കിലെടുത്ത് ഭവനരഹിതർക്ക് പാർപ്പിട സൗകര്യം സാധ്യമാക്കുന്നതിന് വേറെ ഭൂമി കിട്ടാത്ത സാഹചര്യമുണ്ടോ എന്നതടക്കമുള്ള വിവരങ്ങൾ പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ